"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം വില്ലൂർ എൽ.എം.എസ്.എൽ.പി.എസ്.ലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.എബി ജോർജ്ജ് സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4124/2023/GEDN തീയതി, തിരുവനന്തപുരം, 13-07-2023

---

പരാമർശം:- 1. ശ്രീമതി.എബി ജോർജ്ജ് സമർപ്പിച്ച 16.1.2023-ലെ ഹർജി

2.കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 2.3.2023-ലെ D/39/2023നമ്പർ കത്ത്

3 . കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 7.3.2023-ലെ B1/449/2023/DEOനമ്പർ കത്ത്

4.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.5.2023-ലെ DGE/9089/2022/F4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം വില്ലൂർ എൽ.എം.എസ്.എൽ.പി.എസ്.ൽ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റായി നിയമിക്കപ്പെട്ട ശ്രീമതി.എബി ജോർജ്ജ് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ ടിയാരിയെ നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളുവാൻ ബഹു. മന്ത്രി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരി, കോർപ്പറേറ്റ് മാനേജരുടെ പ്രതിനിധി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികൾ എന്നിവരെ 04.04.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2)ഹർജിക്കാരിയായ ശ്രീമതി.എബി ജോർജ്ജ് സമർപ്പിച്ച വാദങ്ങൾ ഇപ്രകാരമാണ് :**

ഞാൻ എൽ.എം.എസ് മാനേജ്മെന്റിന്റെ കീഴിൽ കൊട്ടാരക്കര വിദ്യാഭ്യാസ

ഉപജില്ലയിലുള്ള വില്ലൂർ എൽ.എം.എസ്. എൽ.പി. സ്ക്കൂളിൽ 06/06/2019-ൽ നിയമിക്കപ്പെട്ട അദ്ധ്യാപികയാണ്. എന്നാൽ നാളിതുവരെ നിയമന അംഗീകാരം ലഭിച്ചിട്ടില്ല. എന്റെ അദ്ധ്യാപക നിയമനം അംഗീകരിക്കുവാൻ സമക്ഷത്തിനു മുമ്പാകെ സമർപ്പിക്കാനുള്ള വാദമുഖങ്ങൾ ചുവടെ ചേർക്കുന്നു.

i . എന്നോടൊപ്പം നിയമിക്കപ്പെട്ട അദ്ധ്യാപികയുടെ നിയമനം അംഗീകരിച്ചു (ഫെബിൻ രാജ് എൽ.എം.എസ് എൽ.പി.എസ് വില്ലൂർ).

ii. മാനേജർഷിപ്പിനെ സംബന്ധിച്ചുള്ള പ്രശ്നം പരിഹരിച്ചു.

iii. ഞാൻ ജോലിചെയ്യുന്ന സ്ക്കൂളിലെ കുട്ടികളുടെ എണ്ണം 72 എന്നതിനു പകരം 6 എന്ന് തെറ്റായിട്ട് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടതിലുള്ള അപാകതയും അതുമുലം ഉണ്ടായ കാലതാമസവും

സമക്ഷത്തു നിന്നും ദയവുണ്ടായി എന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത പ്രശ്നത്തിനു മേൽ ഹിയറിംങ് നടത്തി എന്റെ നിയമനം അംഗീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**3)എൽ.എം.എസ് സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ് :**

എൽ.എം.എസ് സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് അധീനതയിലുള്ള വില്ലൂർ എൽ.എം.എസ് എൽ.പി.എസ്.ൽ എൽ.പി.എസ്.റ്റി ആയി 06.06.2019 മുതൽ ശ്രീമതി. റെയ്ച്ചൽ മാത്യു ഹെഡ്മിസ്ട്രസ്സായി പ്രൊമോഷൻ ആയ ഒഴിവിൽ നിയമിച്ചു. ടി നിയമനം കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 31.12.2019-ലെ ഡി/6587/2019 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു. നിരസിച്ചതിനുള്ള കാരണം കോർപ്പറേറ്റ് മാനേജർ റൈറ്റ് റവ. ഡോ. ഉമ്മൻ ജോർജ്ജിന് മാനേജരായുള്ള വകുപ്പുതല അംഗീകാരം ലഭ്യമായിട്ടില്ല. അതിനാൽ എബി ജോർജ്ജിന്റെ നിയമനം ചട്ടവിരുദ്ധമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.08.2018-ലെ ഇറ്റി1/81647/2018 ഉത്തരവ് പ്രകാരം സി.എസ്.ഐ കൊല്ലം-കൊട്ടാരക്കര മഹായിടവകയുടെ നിയമാവലി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി. എബി ജോർജ്ജിനെ 06.06.2019 മുതൽ നിയമിച്ചത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 22.10.2019-ലെ 4343/2019 സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച ബൈലയും സ്കൂൾ വിഭജനവും റദ്ദാക്കി. ഗവൺമെന്റ് ഉത്തരവ് മൂലം സ്കൂൾ വിഭജനം റദ്ദായ സാഹചര്യത്തിൽ ശ്രീമതി. എബി ജോർജ്ജിന്റെ നിയമനം നിരസിച്ച

സമയത്ത് അപ്പീൽ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കാൻ സാധിച്ചില്ല.

വിഭജനം റദ്ദായ സാഹചര്യത്തിൽ കൊല്ലം-കൊട്ടാരക്കര മഹായിടവകയ്ക്ക് കൈമാറിയ സ്കൂളുകൾ ദക്ഷിണ കേരള മഹായിടവക എഡ്യുക്കേഷണൽ ഏജൻസിയുടെ പരിധിയിലായി. സർക്കാർ ഉത്തരവ് പ്രകാരം വിഭജനം സംബന്ധിച്ച ബൈലാ റദ്ദാക്കിയ സാഹചര്യത്തിൽ തിരുവനന്തപുരം/കൊല്ലം റവന്യൂ ജില്ലകളിലെ എഡ്യുക്കേഷൻ ഏജൻസികളായി നിലനിൽക്കാൻ കഴിയാത്ത സാഹചര്യത്തിൽ തിരുവനന്തപുരം/കൊല്ലം റവന്യൂ ജില്ലകളിലെ എഡ്യുക്കേഷൻ ഏജൻസിയുടെ കോർപ്പറേറ്റ് മാനേജരായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.05.2020-ലെ ഇറ്റി 4/4500/2020 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.05.2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദക്ഷിണ കേരള മഹായിടവകയുടെ കോർപ്പറേറ്റ് മാനേജരായി മോസ്റ്റ് റവ. എ. ധർമ്മരാജ് റസ്സാലത്തിനെ അംഗീകരിച്ചതിനെ തുടർന്ന് കൊല്ലം-കൊട്ടാരക്കര മഹായിടവകയുടെ പരിധിയിലുള്ള 2 3 സ്കൂളുകളും തിരുവനന്തപുരം ദക്ഷിണ കേരള മഹായിടവകയുടെ പരിധിയിലാവുകയും ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.05.2020-ലെ ഉത്തരവിനെ സാധൂകരിച്ച് 03.03.2021-ലെ സർക്കാർ ഉത്തരവ് (സാധാ) 2055/2021 പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീമതി. എബി ജോർജ്ജിന്റെ നിയമനം നിരസിച്ചതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 05.02.2022-ലെ എഫ്4/234649/2021 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു. അപ്പീൽ നിരസിച്ചതിന്റെ കാരണം ചുവടെ ചേർക്കുന്നു.

“വില്ലൂർ എൽ.എം.എസ്. എൽ.പി.എസ്.ന്റെ 2019-20 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കേവലം 6 കുട്ടികൾ മാത്രമേയുള്ളു. അതിനാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്നു. ഇപ്രകാരമുള്ള സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുവാൻ മാനേജർക്ക് അധികാരമുള്ളു. ടിയാരിയുടെ നിയമനം റഗുലർ തസ്തികയിലാണ് നടത്തിയിരിക്കുന്നത്. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ റഗുലർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ളതിനാലും ടിയാരിയുടെ നിയമനത്തിന് ഒഴിവ് സ്ഥിരീകരിക്കാതിരുന്നതിനാലും മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകുന്നു”.

വില്ലൂർ എൽ.എം.എസ്.എൽ.പി.സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ 1 മുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ ആകെ 72 വിദ്യാർത്ഥികളുണ്ടായിരുന്നു. അത് യഥാക്രമം I-16. II-20, III-17, IV-19 = 72. അതിനാൽ മതിയായ എണ്ണം കുട്ടികളില്ലെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദം തെറ്റാണ്. ഈ സ്കൂൾ നിലവിലും മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതാണ്.

നിയമനം നിരസിച്ച മറ്റൊരു കാരണം ഒഴിവ് സ്ഥിരീകരിച്ചിട്ടില്ല എന്നതാണ്. ടി വാദഗതിയും തെറ്റാണ്. ശ്രീമതി. എബി ജോർജ്ജിനെ നിയമിച്ച റേച്ചൽ മാത്യുവിന്റെ 01.06.2019 മുതലുള്ള ഹെഡ്മിസ്ട്രസ്സ് പ്രൊമോഷൻ അംഗീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയക്ടർ 08.11.2021-ലെ എഫ്4/234375/2021 ഉത്തരവ് പ്രകാരം അപ്പീൽ അനുവദിക്കുകയും അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി. റേച്ചൽ മാത്യുവിന്റെ ഹെഡ്മിസ്ട്രസ്സ് പ്രൊമോഷൻ നിയമനം അംഗീകരിച്ചതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. ശ്രീമതി. എബി ജോർജ്ജിന്റെ റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ച 05.02.2022-ലെ ഉത്തരവിനെതിരെ ഗവൺമെന്റിന് നൽകിയ റിവിഷൻ പെറ്റിഷന്റെ അടിസ്ഥാനത്തിൽ 07.06.2022-ലെ ബി 1/48/2022/പൊ.വി.വ കത്തിൽ ശ്രീമതി. എബി ജോർജ്ജിന്റെ 06.06.2019 മുതലുള്ള എൽ.പി.എസ്.എ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിനുശേഷം 21.12.2022-ലെ ബി1/48/2022 കത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് എൽ.എം.എസ് മാനേജ്മെന്റിന് കീഴിൽ 2017-18 മുതൽ നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. 2017-18 മുതൽ 2019-20 വരെ നിയമനം അംഗീകരിക്കപ്പെടാത്തവരുടെ ലിസ്റ്റിലെ ക്രമനമ്പർ 1 മുതൽ 5 വരെയുള്ളവരുടെ നിയമനം അംഗീകരിക്കുന്നതിനുവേണ്ടിയുള്ള റിവിഷൻ അപ്പീലിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 22.12.2022, 22.02.2023 തീയതികളിൽ ഹിയറിംഗ് നടത്തിയിരുന്നു. ഫയൽ നമ്പർ എഫ്1/235902/22, (ഭവ്യ സി.ജി), എഫ്1/235903/2022 (ശ്യാമ വി.എം) , എഫ്1/235906/2022 (ആൽബിൻ എസ്. സോണി) , എഫ്1/14790/2022 (പാർവ്വതി സുരേഷ്) , എഫ്1/14791/2022 (ഹിമ ഡി. രാജ്) അനുവദിക്കുന്നതിന് സജീവ പരിഗണനയിലാണ്. 06.06.2019-ലെ അംഗീകരിക്കാനുള്ളതിൽ ശ്രീമതി. എബി ജോർജ്ജ് ഒന്നാമത്തെയാളാണ്. ശ്രീമതി. എബി ജോർജ്ജിന്റെ നിയമനം അംഗീകരിക്കുന്നതിന് വേണ്ട നിർദ്ദേശം കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**4)കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു :**

കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വില്ലൂർ എൽ.എം.എസ്.എൽ.പി.സ്കൂളിലെ എൽ.പി.എസ്.റ്റി. ആയ ശ്രീമതി. റെയ്ച്ചൽ മാത്യുവിന് പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ കോർപ്പറേറ്റ് മാനേജർ ആയിരുന്ന റൈറ്റ് റവ.ഡോ.ഉമ്മൻ ജോർജ്ജ്, ശ്രീമതി. എബി ജോർജ്ജിനെ 06.06.2019 മുതൽ ടി വിദ്യാലയത്തിൽ എൽ.പി.എസ്.റ്റി. ആയി നിയമിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 22.10.2019-ലെ 4343/2019 സർക്കാർ ഉത്തരവ് പ്രകാരം മഹാ ഇടവക വിഭജനം റദ്ദ് ചെയ്ത സാഹചര്യത്തിൽ റവ.ഡോ.ഉമ്മൻ ജോർജ്ജിന്റെ മാനേജരായുള്ള നിയമനം നഷ്ടമായി. ഈ കാരണത്താലാണ് ശ്രീമതി. എബി ജോർജ്ജിന്റെ 06.06.2019 മുതലുള്ള എൽ.പി.എസ്.റ്റി. ആയുള്ള നിയമനം കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 31.12.2019-ലെ ഡി/6587/2019 ഉത്തരവ് പ്രകാരം നിരസിക്കപ്പെട്ടത്. പ്രസ്തുത നിയമനം നിരസിച്ച കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിന് എതിരെ എൽ.എം.എസ്. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിക്കുകയും, പ്രസ്തുത റിവിഷൻ ഹർജി 2019-20 അദ്ധ്യയന വർഷം ഈ വിദ്യാലയത്തിൽ കേവലം 6 കുട്ടികൾ മാത്രമാണ് ഉള്ളത്, അതിനാൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയതിനാൽ ടി വിദ്യാലയത്തിൽ ദിവസവേതന വ്യവസ്ഥയിൽ മാത്രമേ അദ്ധ്യാപക നിയമനം നടത്തുവാൻ മാനേജർക്ക് കഴിയൂ എന്ന കാരണത്താൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.02.2022-ലെ എഫ്4/234649/2021 ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു.

2019-20 അദ്ധ്യയന വർഷം ഈ വിദ്യാലയത്തിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ യഥാക്രമം 16, 20, 17, 19 ആകെ 72 കുട്ടികൾ പഠിച്ചിരുന്നു. പ്രസ്തുത വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിലും, ഇതേ എണ്ണം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ആഫീസിൽ നിന്നും സമർപ്പിച്ചിട്ടുള്ള അപ്പീൽ റിമാർക്സുകളിൽ ഒന്നുംതന്നെ ഈ വിദ്യാലയത്തിൽ 6 കുട്ടികൾ മാത്രമാണ് എന്നും രേഖപ്പെടുത്തിയിട്ടില്ല. 1 മുതൽ 4 വരെ ക്ലാസ്സുകളിലായി ഈ വിദ്യാലയത്തിൽ 72 കുട്ടികൾ പഠിക്കുന്നതിനാൽ ഈ വിദ്യാലയം മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്നു.

**5) കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:**

കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിൽ

പ്രവർത്തിക്കുന്ന വില്ലൂർ എൽ.എം.എസ്.എൽ.പി.സ്കൂളിലെ എൽ.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി. റെയ്ച്ചൽ മാത്യുവിന് പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ കോർപ്പറേറ്റ് മാനേജർ ശ്രീമതി. എബി ജോർജ്ജിന് എൽ.പി.എസ്.റ്റി. ആയി നിയമനം നൽകി.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 22.10.2019-ലെ 4343/2019 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മഹാ ഇടവക വിഭജനം റദ്ദ് ചെയ്ത സാഹചര്യത്തിൽ ടി സ്കൂളിന്റെ മാനേജർ ആയിരുന്ന റവ.ഡോ.ഉമ്മൻ ജോർജ്ജിന്റെ അംഗീകാരം നഷ്ടമായിരുന്നു. ടി കാരണത്താലാണ് ശ്രീമതി. എബി ജോർജ്ജിന്റെ നിയമനം കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31.12.2019-ലെ ഡി/6587/2019 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചതെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് നിയമനം നിരസിച്ച ഉത്തരവിന് കോർപ്പറേറ്റ് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിക്കുകയും, 2019-20 അദ്ധ്യയന വർഷം ടി സ്കൂളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ല എന്ന കാരണം സൂചിപ്പിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.02.2022-ലെ എഫ്4/234649/2021 നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ നിരസിക്കുകയും ചെയ്തു.

എന്നാൽ 2019-20 അദ്ധ്യയന വർഷം ടി സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ യഥാക്രമം 16, 20, 17, 19 എണ്ണം കുട്ടികൾ എന്ന നിലയിൽ ആകെ 72 കുട്ടികൾ പഠിച്ചിരുന്നു എന്നും 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിലും ഇത് തന്നെയാണ് കുട്ടികളുടെ എണ്ണം എന്നും കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തതായും അറിയിച്ച് കൊള്ളുന്നു. ടി നിയമനം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ ഈ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചിരുന്നില്ല എന്നും അറിയിച്ച് കൊള്ളുന്നു.

6 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി .ശ്രീമതി. റെയ്ച്ചൽ മാത്യുവിന് ഹെഡ്മാസ്റ്റർ ആയി പ്രൊമോഷൻ നൽകിയതിനെ തുടർന്നുണ്ടായ ഒഴിവിൽ ഹർജിക്കാരിയെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായി 06.06.2019 തീയതിയിൽ നിയമിച്ചു. ടി കാലയളവിൽ മാനേജരായിരുന്ന റവ. ഡോ.ഉമ്മൻ ജോർജ്ജിന് ആ സ്ഥാനം നഷ്ടമായി എന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹർജിക്കാരിയുടെ നിയമനം നിരസിച്ചു. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ് എന്ന കാരണത്താൽ, ഇക്കാര്യത്തിൽ മാനേജർ നൽകിയ അപ്പീൽ ഡയറക്ടറും നിരസിച്ചു. കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നത് അബദ്ധത്തിൽ സംഭവിച്ചതാണെന്നും, ടി സ്കൂളിൽ 2019-20 അദ്ധ്യയന വർഷം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ ആകെ 72 കുട്ടികൾ പഠിച്ചിരുന്നുവെന്നും, അതിനാൽ

ടി സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂൾ തന്നെയാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു. എൽ.എം.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളുടെ പൊതു സീനിയോറിറ്റി / സ്റ്റാഫ് ഫിക്സേഷൻ ലിസ്റ്റ് തയ്യാറാക്കി വരികയാണെന്നും, അപ്രൂവൽ കിട്ടാതെ തുടരുന്ന സീനിയർ അധ്യാപകർ നിലവിലുണ്ടെന്നും, ടി അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്ന മുറയ്ക്കും, ഭിന്നശേഷി സംവരണം പാലിച്ചും മാത്രമേ ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി.എബി ജോർജ്ജിന് നിയമനം നൽകിയ മാനേജർക്ക് ആ സ്ഥാനം നഷ്ടമായതിനെ തുടർന്നാണ് കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടിയാരിയുടെ **06.06.2019** മുതലുള്ള നിയമനം നിരസിച്ചത് എന്ന് കാണുന്നു. ബഹു. കോടതി മുൻപ് പല കേസുകളിലും, സ്കൂളുകളിൽ നിലനിൽക്കുന്ന മാനേജ്മെന്റ് തർക്കങ്ങൾ ഒരു തരത്തിലും നിയമനത്തെ ബാധിക്കരുതെന്ന് വിധിപ്രസ്താവം നടത്തിയിട്ടുണ്ട്. ആ സാഹചര്യത്തിൽ, ഹർജിക്കാരിയുടെ നിയമനം ടി കാരണത്താൽ നിരസിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

**7)** മേൽ സാഹചര്യത്തിൽ , കോർപ്പറേറ്റ് മാനേജ്മെന്റിലെ പൊതു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും, അപ്രകാരം സീനിയർ അധ്യാപകരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്കും, ഭിന്നശേഷി സംവരണം പാലിച്ചും, വ്യവസ്ഥാപിത ഒഴിവ് ലഭ്യമാണെങ്കിലും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിലും ഹർജിക്കാരിക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (1) ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**REENA O**

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

ശ്രീമതി എബി ജോർജ്, എൽ.പി.എസ്.ടി, എൽ.എം.എസ്.എൽ.പി.എസ് വില്ലൂർ, കൊല്ലം

കോർപ്പറേറ്റ് മാനേജർ ഓഫ് എൽ.എം.എസ്. സ്കൂൾസ്, എൽ.എം.എസ്. കോമ്പൗണ്ട്
, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 14-07-2023 10:16:37
സെക്ഷൻ ഓഫീസർ